**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5561** **03-11-2021 - ൽ മറുപടിയ്ക്ക്**

**റേഷൻകടകൾ വഴി കുത്തരി വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകൾ വഴി ഏതൊക്കെ ഇനം അരിയാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ; | (എ) | നെല്ല് സംഭരണം മുഖേന സപ്ലൈകോ ലഭ്യമാക്കുന്ന CMR (പ്രധാനമായും കുത്തരി), FCI യിൽ നിന്ന് ലഭ്യമാകുന്ന പുഴുക്കലരി (Boiled Rice), പച്ചരി (Raw Rice) എന്നിങ്ങനെ മൂന്നിനം അരികളാണ് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നത്. |
| (ബി) | റേഷൻ കടകൾ വഴി കുത്തരി നൽകുന്ന ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | വയനാട്, കാസർഗോഡ് എന്നീ ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും നിലവിൽ കുത്തരി വിതരണം ചെയ്യുന്നുണ്ട്. |
| (സി) | കാസർഗോഡ് ജില്ലയിൽ റേഷൻ കടകൾ വഴി കുത്തരി വിതരണം ചെയ്യാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തിലെ കർഷകരിൽ നിന്ന് സംഭരിക്കപ്പെടുന്ന നെല്ല് പ്രോസസ് ചെയ്ത് അരിയാക്കി ലഭ്യമാക്കുന്നതിനായി സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ ഭൂരിഭാഗവും എറണാകുളം, പാലക്കാട് ജില്ലകളിലാണുള്ളത്. മുൻകാലങ്ങളിൽ നെല്ല് സംഭരണം മുഖേന ലഭ്യമായിരുന്ന അരിയുടെ അളവ് കുറവായിരുന്നതിനാൽ, പത്തനംതിട്ട മുതൽ പാലക്കാട് വരെയുള്ള 7 ജില്ലകളിലായി CMR അരിയുടെ വിതരണം പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത അരിയുടെ അളവ് വർദ്ധിച്ച സാഹചര്യത്തിൽ 2016 നവംബർ മുതലാണ് തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ ജില്ലകളിലേക്കു കൂടി വിതരണം വ്യാപിപ്പിച്ചത്. പിന്നീട് സപ്ലൈകോ ലഭ്യമാക്കുന്ന CMR അരിയിൽ ഗണ്യമായ വർദ്ധനവുണ്ടായ സാഹചര്യത്തിൽ, 2019 ൽ കോഴിക്കോട് ജില്ലയിലും 2021 ആഗസ്റ്റ് മുതൽ കണ്ണൂർ ജില്ലയിലും വിതരണം നടത്തിവരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ, CMR എത്തിക്കുന്നതിന് കടത്തുകൂലിയിനത്തിൽ വലിയ തുക സർക്കാരിന് ചെലവ് വരുന്നുണ്ടെങ്കിലും കാസർഗോഡ് ജില്ലയിൽ നിന്നും CMR അരി വേണമെന്ന ആവശ്യമുയർന്നു വരുന്ന സാഹചര്യത്തിൽ, 2021 ഡിസംബർ മാസം മുതൽ, സപ്ലൈകോ ലഭ്യമാക്കുന്ന |

| | | | |
|---|---|---|---|
| | | | അളവിനനുസൃതമായി, ടി ജില്ലയിലും CMR അരി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസി മേഖലകൾ കൂടുതൽ കാണപ്പെടുന്ന സാഹചര്യത്തിൽ ജില്ലയിലെ ആവശ്യകത വിലയിരുത്തി വിതരണം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | കുത്തരി വിതരണം ചെയ്യാത്ത ജില്ലകളിൽ ആയത് നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ ? | (ഡി) | ക്ലോസ്(സി)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ